പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 573

27.2.2018 -ൽ മറുപടിയ്ക്ക്

## ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾ

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി |
|---|---|---|---|
| എ) | 2016ൽ എത്ര വിദേശ ടൂറിസ്റ്റുകളാണ് കേരളം സന്ദർശിച്ചിട്ടുള്ളത്; | എ) യും ബി) യും | 2016, 2017 വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം യഥാക്രമം 10, 38, 419-ഉം 10, 91, 870 -ഉം ആണ്. |
| ബി) | 2017ൽ എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; | | |
| സി) | ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | സി) | ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ അന്തർദേശീയ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ നടത്തുകയും, വിവിധ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്തു വരുന്നു. കൂടാതെ വിവിധ തലത്തിലുള്ള പ്രചരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ആയുർവേദ സെന്റർ, ഹോംസ്റ്റേ മുതലായവയുടെ ഉചിതമായ പരിശോധനയും ക്ലാസ്സിഫിക്കേഷനുമുൾപ്പെടെ വിനോദ സഞ്ചാരികൾക്ക് സുഗമവും സുരക്ഷിതവുമായി കേരളം സഞ്ചരിച്ചു മടങ്ങുന്നതിനായി വിവിധ മേഖലയിൽ ഗുണ നിലവാരം ഉറപ്പുവരുത്തുന്ന രീതിയിലുള്ള പദ്ധതികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ